**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3951** **28-06-2024 - ൽ മറുപടിയ്ക്ക്**

**നോർക്ക റൂട്ട്സിന്റെ ലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ എം രാജഗോപാലൻ, ശ്രീ. പി.വി. ശ്രീനിജിൻ, ശ്രീ. എം.വിജിൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലും വിദേശ രാജ്യത്തും താമസിക്കുന്നവരും ജോലിചെയ്യുന്നവരുമായ കേരളീയരുടെ വിവിധങ്ങളായ പ്രശ്നങ്ങളിൽ നോർക്ക സാധ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെന്ന വിലയിരുത്തൽ സർക്കാരിനുണ്ടോ; വിശദമാക്കാമോ; | (എ) | രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലും വിദേശത്തും ഉള്ള കേരളീയരുടെ വിവിധ പ്രശ്നങ്ങളിൽ, നോർക്ക വകുപ്പിന് കീഴിലുള്ള നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, OKIH ലിമിറ്റഡ്, NRI കമ്മീഷൻ, ലോക കേരള സഭ, ചെന്നൈ, ബംഗളൂരു, ഡെൽഹി, മുംബൈ എന്നിവിടങ്ങളിലെ NRK ഡെവലപ്പ്മെന്റ് ഓഫീസുകളുടെയും വിവിധ മലയാളി അസോസിയേഷനുകളുടെയും സഹായം ലഭ്യമാക്കി വരുന്നുണ്ട്. പ്രവാസി ഐഡി കാർഡ്, സ്റ്റുഡന്റ്സ് ഐഡി കാർഡ്, പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസി, എൻആർകെ ഇൻഷുറൻസ് കാർഡ് സമാശ്വാസ / നിയമപരിരക്ഷാ പദ്ധതികളായ സാന്ത്വന, എമർജൻസി റീപാട്രിയേഷൻ സ്കീം, എമർജൻസി ആംബുലൻസ് സർവീസ്, പ്രവാസി നിയമ സഹായ സെൽ എന്നിവയും പുനരധിവാസ പദ്ധതികളായ പ്രവാസി ഭദ്രത, NDPREM എന്നീ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>നോർക്ക റൂട്ട്സിന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഗ്ലോബൽ കോൺടാക്ട് സെന്റർ നിലവിലുണ്ട്. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് നോർക്ക നൽകുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും പരാതികൾ അറിയിക്കുന്നതിനും അന്താരാഷ്ട്ര മിസ്ഡ് കോൾ സർവീസും നിലവിലുണ്ട്. |
| (ബി) | പ്രവാസി കേരളീയകാര്യ വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സിന്റെ ലക്ഷ്യങ്ങൾ താഴെ സൂചിപ്പിക്കുന്നു:-<br><br>സുരക്ഷിതമായ പ്രവാസം ഉറപ്പാക്കുക. വിദേശത്ത് ആദായകരവും നിയമപരവുമായ തൊഴിൽ |

സൗകര്യപ്പെടുത്തുക / ലഭ്യമാക്കുക

നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസവും സാമൂഹിക സമന്വയവും ഉറപ്പാക്കുക

പ്രവാസി കേരളീയരുടെ/ പ്രവാസികളാവാൻ സാധ്യതയുള്ളവരുടെ തൊഴിൽ വൈദഗ്ധ്യം ഉറപ്പാക്കുന്നതിന് പരിശീലനം സംഘടിപ്പിക്കുക

അശരണരായും രോഗികളായും നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് ധനസഹായം ലഭ്യമാക്കുക

തിരിച്ചെത്തിയ പ്രവാസികളുടെ ബിസിനസ് സംരംഭങ്ങൾക്ക് മൂലധന/പലിശ സബ്സിഡി ലഭ്യമാക്കുക

ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക, പ്രവാസികളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുക

പ്രവാസികളുടെ അവകാശങ്ങൾ, അടിയന്തരഘട്ടങ്ങളിൽ പ്രവാസികളെ നാട്ടിൽ എത്തിക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ യഥോചിതം ഇടപെടുക

സാമ്പത്തിക /സാമൂഹിക പരിപാടികൾ /പ്രവാസി കേരളീയരുടെ സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുക

നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സ് പ്രവാസികൾക്കായി 18 പദ്ധതികളും മറ്റു സേവനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

മടങ്ങി വരുന്ന കുടിയേറ്റക്കാരുടെ പുനരധിവാസം (NDPREM)

പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് ഓഫീസുകളും ജില്ലാ സെല്ലുകളും ശക്തിപ്പെടുത്തൽ

ജോബ് പോർട്ടലും വിദേശ റിക്രൂട്ട്മെന്റും

24 മണിക്കൂർ ഹെൽപ് ലൈൻ/ കാൾ സെന്റർ

പ്രവാസി നിയമ സഹായ സെൽ

സാന്ത്വന

പ്രവാസി മലയാളികളുടെ നൈപുണ്യം മെച്ചപ്പെടുത്തലും പുനസംയോജന പരിശീലനവും (വിദേശഭാഷ പരിശീലനം ഉൾപ്പടെ)

| | | | |
|---|---|---|---|
| | | | നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ<br><br>നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റിനും വിസാപരിശോധനക്കുമുള്ള ബോധവത്കരണ പരിപാടി<br><br>പ്രവാസി കേരളീയരുടെ പുനരധിവാസം, പുന-ഏകീകരണം, ഏകോപനം(Pravasi Bhadratha)<br><br>വിമാനത്താവളത്തിലെ അത്യാഹിത ആംബുലൻസ് സേവനം<br><br>പ്രവാസി മലയാളികളെ അടിയന്തര സാഹചര്യത്തിൽ തിരിച്ച് കൊണ്ടുവരാനുള്ള നിധി<br><br>മാർക്കറ്റ് റിസർച്ചിനും സ്കില്ലിങ്ങിനും പ്രീ റിക്രൂട്ട്മെന്റിനും പോസ്റ്റ് റിക്രൂട്ട്മെന്റിനും സേവനങ്ങൾക്കുമുള്ള പുതിയ സംരംഭം<br><br>നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ് പദ്ധതി<br><br>നോർക്ക അസ്സിസ്റ്റഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME)<br><br>പ്രവാസി ധനസംഘങ്ങൾക്കുള്ള ധനസഹായം<br><br>ലോക കേരള കേന്ദ്രം<br><br>നോർക്ക ശുഭയാത്ര<br><br>**സേവനങ്ങൾ**<br><br>സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ<br><br>പ്രവാസി ഐഡി / ഇൻഷുറൻസ് കാർഡ് |
| (സി) | പ്രസ്തുത ലക്ഷ്യങ്ങളിലേയ്ക്ക് എത്തിച്ചേരുന്നതിന് നോർക്ക റൂട്ട്സ് നടത്തി വരുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്. ജീവനക്കാരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും പരിമിതി ഉണ്ടെങ്കിലും പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുള്ള നാനാവിധ പ്രവർത്തനങ്ങൾ നോർക്ക-റൂട്ട്സ് അത്യന്തം ശ്ലാഘനീയമായ വിധത്തിൽ നിർവ്വഹിച്ചുവരുന്നു. |
| (ഡി) | കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ രാജ്യാന്തര റിക്രൂട്ട്മെന്റ് ലൈസൻസുള്ള ഏജൻസി എന്ന നിലയിൽ നോർക്ക റൂട്ട്സ് ആരംഭിച്ചിട്ടുള്ള നൈപുണ്യ വികസനവും വിദേശഭാഷാ പരിശീലനവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കേരളത്തിലെ യുവതി യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നോർക്ക-റൂട്ട്സ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിലുള്ള കോഴ്സുകൾ വിവിധ സർക്കാർ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുമായി സഹകരിച്ച നടത്തിവരുന്നു. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിംഗ് മേഖലയിൽ തൊഴിൽ സാധ്യതയേറുന്നതിനാൽ, അംഗീകൃത സ്ഥാപനമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)മായി സഹകരിച്ച് നടപ്പ് സാമ്പത്തിക വർഷത്തിൽ 55 നഴ്സുമാർക്ക് പരിശീലനം, യുവ തൊഴിൽ അന്വേഷകർക്ക് നൂതന സാങ്കേതിക കോഴ്സുകളായ റോബോട്ടിക് പ്രോസസ് ഓട്ടോമോഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് & അനലിറ്റിക്സ് തുടങ്ങിയ കോഴ്സുകൾക്കും IELTS/OET കോഴ്സുകൾക്കും ഐറ്റിസി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകി വരുന്നു.<br><br>വിവിധ വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിനായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് എന്ന സ്ഥാപനം 2023 മാർച്ച് 14-ന് പ്രവർത്തനം ആരംഭിച്ച് ജർമ്മൻ, ഇംഗ്ലീഷ് (IELTS,OET) എന്നീ ഭാഷകളിൽ പരിശീലനം നൽകി വരുന്നു. BPL വിഭാഗത്തിനും SC/ST വിഭാഗത്തിനും പഠനം സൗജന്യവും മറ്റു പൊതുവിഭാഗത്തിന് 75 ശതമാനം ഫീസ് ഇളവും ലഭിക്കുന്നതാണ്. മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്താനും റിക്രൂട്ട് ചെയ്യാനും കഴിയുന്ന ഒരു മൈഗ്രേഷൻ ഫെസിലിറ്റേഷൻ കേന്ദ്രമായി ഈ കേന്ദ്രത്തെ ഉയർത്തുകയാണ് ലക്ഷ്യം. ഇതിന്റെ രണ്ടാമത്തെ കേന്ദ്രം 17.02.2024-ന് കോഴിക്കോട് ഉദ്ഘാടനം ചെയ്തു. വിദേശ തൊഴിൽ ദാതാവുമായി നേരിട്ടുള്ള അഭിമുഖം, അന്താരാഷ്ട്ര തലത്തിലെ അഭിമുഖങ്ങളിൽ പങ്കെടുക്കാനുള്ള പരിശീലനം മറ്റു ആധുനിക സൗകര്യങ്ങൾ എന്നിവ ഈ കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ